"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല — തില്ലങ്കേരി ഗ്രാമപഞ്ചായത്ത് - 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.11 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വകുപ്പ്

G.O.(Rt) No.2033/2024/LSGD തീയതി,തിരുവനന്തപുരം, 24-10-2024

---

പരാമർശം:- 1. ഡയറക്ടർ (റൂറൽ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.02.2022 ലെ പി എൻ/1499/2022- എം3 ( ഡി പി ) നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 20.03.2023 ലെ ഡി.കെ.എസ്.എ 4265/പി.റ്റി2 /2022 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളുടെ വാർഷികാഘോഷപരിപാടികൾക്ക് പ്രത്യേക ധനസഹായം അനുവദിച്ചതിന് ചെലവായ 10,000/- രൂപ പരമാർശയിനം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായതിനാൽ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ മലയോര മേഖലയായ പഞ്ചായത്തിലെ ഗ്രാമ പ്രദേശങ്ങളിൽ നിന്നും സ്കൂളുകളിൽ എത്തിപ്പെടുന്ന നിർധന വിദ്യാർത്ഥികളുടെ കലാപരമായ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കാനും അതിന്റെ മാറ്റുരക്കലിന് ഒരു വേദിയുണ്ടാക്കി ഇതിന്റെ ഗുണഫലങ്ങൾ ഈ കുട്ടികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷത്തോടെ പൊതുതാൽപര്യ പ്രകാരമാണ് സ്കൂൾ വാർഷികത്തിന് പഞ്ചായത്ത് ഫണ്ടിൽ നിന്ന് തുക അനുവദിച്ചതെന്നും, പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത പ്രകാരമുള്ള ലക്ഷ്യം നേടുന്നതിനു പദ്ധതി നിർവ്വഹണത്തിലൂടെ സാധിച്ചിട്ടുണ്ടെന്നും മേലിൽ സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി പദ്ധതികൾ നടപ്പിലാക്കുകയില്ലെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും, ആയതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും ആയതിനാൽ ടി ഓഡിറ്റ് തടസ്സത്തിന് സാധൂകരണം നൽകണമെന്നും പരാമർശം (1) പ്രകാരം ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ )ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 213(4) -ാം വകുപ്പ പ്രകാരം ഏതെങ്കിലും പൊതുദർശനത്തിനോ ആഘോഷത്തിനോ വിനോദത്തിനോ ആയുള്ള ചെലവിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ സംഭാവനയോ ചെലവോ ചെയ്യാവുന്നതും ആയതിന്റെ മൊത്തം വാർഷിക ചെലവ് സർക്കാർ നിർദ്ദേശിക്കുന്ന പരിധി

അധികരിക്കാൻ പാടില്ലാത്തതുമാണ്. പരാമർശ പദ്ധതിയിൽ പ്രസ്തുത പരിധി ലംഘിച്ചിട്ടുണ്ടെങ്കിലും സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണെന്ന നിബന്ധനയോടെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2010-2011, 2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 ലെ പരമാർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം (2) പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ ), സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും വരും വർഷങ്ങളിൽ സർക്കാരിന്റെ മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പദ്ധതികൾ നടപ്പാക്കരുത് എന്നുള്ള നിർദ്ദേശത്തോട് കൂടി കണ്ണൂർ ജില്ലയിലെ തില്ലങ്കേരി ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 പ്രകാരം തടസ്സപ്പെടുത്തിയ 10,000/- രൂപയുടെ ( പതിനായിരം രൂപ മാത്രം ) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
UNDER SECRETARY

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തില്ലങ്കേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/48/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ